# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *174 — 03/10/2016 -ൽ മറുപടിക്ക്

## സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നിയമം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.ജെ. മാക്സി | | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ സർക്കാരിന് എന്തെങ്കിലും അധികാരമുണ്ടോ; | എ) യും ബി) യും സി) യും | നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരുന്നതിന് മുൻസർക്കാർ തീരുമാനിക്കുകയും 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ബിൽ നിയമമാകുന്നതിനു മുമ്പ് 13-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ബിൽ ലാപ്സാകുകയുണ്ടായി. പുതുതായി അധികാരമേറ്റ സർക്കാർ പ്രസ്തുത നിയമം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016 ന് രൂപം നൽകുകയും ചെയ്തു. ബിൽ നിയമസഭയിൽ ആവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ബി) | മിക്ക സ്വകാര്യ ആശുപത്രികളും ചികിത്സയ്ക്കും മരുന്നിനും വളരെ ഉയർന്ന തുക ഈടാക്കുന്നതായും അനാവശ്യമായി ചികിത്സയും രോഗനിർണ്ണയ പരിശോധനയും നടത്തി രോഗികളെ ചൂഷണം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | സ്വകാര്യ ആശുപത്രികളുടെയും മെഡിക്കൽ ലാബുകളുടെയും പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പാസാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ മാതൃകയിൽ നിയമം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ